Minister for Finance and Food (**Sri. K. M. Korah**):

(*a*) No maximum period has been fixed but payment is made on receipt of applications in accordance with the rules.

(*b*), (*c*) and (*d*) In view to the answer to part (*a*), (*b*), (*c*) and (d) do not a rise.

ശ്രീ. പാമ്പ തളിയത്തു്: ഒരു പെൻഷൻറ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത തിനുശേഷം അയാളുടെ പ്രാവിഡൻറ് ഫണ്ടു് അക്കൌണ്ടു് ക്ലോസു് ചെയ്തുകൊടുക്കുന്നതിനു് എത്രമാസക്കാലംഎടുക്കും?

ശ്രീ. കെ. എം. കോര: ഒരു ഉദ്യോഗസ്ഥൻ റിട്ടയർചെയ്തുകഴിഞ്ഞാൽ ആ ഉദ്യോഗസ്ഥൻ ഒരു നാൺലയബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നാണു് ഗവണ്മെൻറ നിയമം.

ശ്രീ. പാമ്പ തളിയത്തു്: അങ്ങിനെ സർട്ടിഫിക്കറ്റ പ്രൊഡ്യൂസുചെയ്തിട്ടും പ്രാവിഡൻറ ഫണ്ടു് അക്കൌണ്ടു് ക്ലോസുചെയ്യാതെ ഇനിയും ഇൻസ്റ്റൻസസു് ഉണ്ടെന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങിനെ ഏതെങ്കിലും ഇൻസ്റ്റൻസ്സസു് ഉണ്ടെങ്കിൽ അതിനു ശരിയായ നടപടി സ്വീകരിക്കുന്നതാണു്.

പബ്ലിക്കു് സർവ്വീസു്

*ചോദ്യം. (നം ൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിനു വെളിയിൽനിന്നു് തിരുവിതാംകൂർ–കൊച്ചി പബ്ലിക്കു് സർവ്വീസിൽ ഉദ്യോഗത്തിനു അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഉണ്ടു്. ൪ പേർ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇങ്ങനെ ഗവണ്മെൻറിനു് അപേക്ഷ കിട്ടുന്ന അവസരത്തിൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽനിന്നും പാസ്സാക്കിയിട്ടുള്ളവർക്കു് മൻഗണന കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെ പ്രത്യേക പരിഗണന കൊടുക്കാറില്ല, അങ്ങിനെ നിർബ്ബന്ധവുമില്ല.

പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാർ

*ചോദ്യം. (നം ൧) ശ്രീ: കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മൻമന്ത്രി സഭയുടെ കാലത്തു് സർവ്വീസിൽനിന്നു പിരിച്ചുവിടപ്പെട്ട ചില ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ സർവ്വീസുകളെപ്പറ്റി പുനരാലോചന ചെയ്യണമെന്നു കേന്ദ്രഗവണ്മെൻറിൽനിന്നു തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

(ബി) ആ നിർദ്ദേശമനുസരിച്ചു് ഗവണ്മെൻറ് എതെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ;

(സി) എതെല്ലാം ഉദ്യോഗസ്ഥന്മാരുടെ സർവ്വീസിനെപ്പറ്റിയാണു് പുനരാലോചന ചെയ്യണമെന്ന നിർദ്ദേശം കിട്ടിയതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly